DESPATCHED 28/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1780*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14756** */എസ്.ഐ.സി-ജി 6/20)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.ടെൻസൻ തോമസ്,**
**ഗോപുരത്തിങ്കൽ വീട്,**
**പടി. കടുങ്ങല്ലൂർ പി.ഒ.,**
**ആലുവ, പിൻ – 683 110.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
   **കൃഷി അസിസ്റ്റന്റ് ഡയറക്ടർ,**
   **ADA ഓഫീസ്, ആലുവ, ആലങ്ങാട്,**
   **പിൻ – 683511.**

2. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
   **കൃഷി ഓഫീസർ,**
   **കൃഷി ഓഫീസ്, ആലങ്ങാട്.**

3. **അപ്പീൽ അധികാരി&**
   **പ്രിൻസിപ്പൽ അഗ്രികൽച്ചറൽ ഓഫീസർ,**
   **സിവിൽ സ്റ്റേഷൻ, കാക്കനാട് പി.ഒ.,**
   **എറണാകുളം – 30.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.09.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.11. 2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 04.12. 2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.12. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 21.12.2020 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2023, ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരം/രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 15.09.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ഉത്തരവ് നമ്പർ E 139/19 തീയതി 07.09.2020 സംബന്ധിച്ച്;

1) മേൽ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന ആലങ്ങാട് കൃഷി ഓഫീസർക്ക് ശക്തമായി രേഖാമൂലം താക്കീത് നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും

2) പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന കൃഷി ഭവനിലെ ജീവനക്കാർ ഹാജർ ബുക്കിൽ തെറ്റായി ഒപ്പിട്ടതിന്റെ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും

3) മേൽ നമ്പർ ഉത്തരവിലെ അപ്പീലിന്റെ ഹിയറിംഗ് മിനിറ്റ്സിന്റെ പൂർണ്ണരൂപം ലഭ്യമാക്കണമെന്നും

4) ആലങ്ങാട് കൃഷി ഓഫീസർ എതിർകക്ഷിയായി ബഹു.ഹൈക്കോടതിയിൽ കോടതി അലക്ഷ്യകേസ് (CC) 2019 ജനുവരി മുതൽ നാളിതുവരെ ഏതെങ്കിലും ഹർജികൾ നിലവിലുണ്ടോയെന്നും/ഉണ്ടെങ്കിൽ ആയതിന്റെ CC നമ്പർ/കോടതിയിൽ നൽകിയതിന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കണമെന്നും

5) WP(C)4061/18 വിധിന്യായം ആലങ്ങാട് കഷി ഓഫീസിൽ വന്ന ഇ-മെയിൽ തീയതി അടങ്ങുന്ന പേജ് മാത്രം ലഭ്യമാക്കണമെന്നുമാണ്.

ആയതിന് 08.10.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) ആലങ്ങാട് കൃഷി ഓഫീസർക്കെതിരെ നൽകിയ താക്കീത് തികച്ചും വ്യക്തിപരമായ താക്കീത് ആയതിനാൽ വിവരാവകാശ നിയമം സെക്ഷൻ 8(1)(ജെ) പ്രകാരം നൽകാൻ സാധിക്കുകയില്ലെന്നു അറിയിച്ചുകൊള്ളുന്നുവെന്നും ഒരു ഉദ്യോഗസ്ഥന്

നൽകുന്ന താക്കീത് പൊതു ജനത്തിന് നൽകേണ്ട ആവശ്യമില്ല എന്നു അറിയിക്കുന്നുവെന്നും

2) ജീവനക്കാർ നൽകിയിട്ടുള്ള വിശദീകരണം ഈ ഓഫീസിൽ ലഭ്യമല്ലെന്നും ടി വിവരങ്ങൾ ആലങ്ങാട് കൃഷി ഭവനിൽ നിന്നും ഹർജിക്കാരന് ലഭിക്കുന്നതാണെന്ന് അറിയിക്കുന്നുവെന്നും

3) അപ്പീൽ ഹീയറിംഗിന്റെ മിനിട്ട്സ് പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നുവെന്നും

4) ഹൈക്കോടതിയിൽ നൽകിയ ഹർജികൾക്കുള്ള റിപ്പോർട്ട് ആലങ്ങാട് കൃഷി ഭവനിൽ നിന്നും ടിയാന് ലഭിക്കുന്നതാണെന്നും പ്രസ്തുത വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നുമാണ്.

5) പ്രസ്തുത കേസിന്റെ വിവരങ്ങൾ ആലങ്ങാട് കൃഷിഭവനിൽ നിന്നും ടിയാന് ലഭിക്കുന്നതാണെന്നും പ്രസ്തുത വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 04.12.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എന്നു സൂചിപ്പിച്ചു കൊണ്ട് 09.11.2020ന് ടി ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നാണ്.

ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയും എതിർകക്ഷികളായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആലുവ, കൃഷി ഓഫീസർ ആലങ്ങാട് എന്നിവർ നൽകിയ മറുപടികളും അപ്പീൽ അധികാരി വിശദമായി പരിശോധിച്ചതിൽ,

1) അപ്പീൽ അപേക്ഷയിലെ ഒന്നാം ചോദ്യത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ആലുവയുടെ E(139)/10 തീയതി 07.09.2020 നമ്പർ ഉത്തരവു പ്രകാരം ആലങ്ങാട് കൃഷി ഓഫീസർക്ക് ആലുവ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നൽകിയ രേഖാമൂലമുള്ള താക്കീതിന്റെ പകർപ്പ് നൽകാൻ അപ്പീൽവാദി ആവശ്യപ്പെട്ടിരുന്നതിന് ആലങ്ങാട് കൃഷി ഓഫീസർക്കെതിരെ നൽകിയ താക്കീത് തികച്ചും വ്യക്തിപരമായതിനാൽ വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ)പ്രകാരം നൽകാൻ സാധിക്കില്ലെന്നുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ആലുവയുടെ മറുപടി അപ്പീൽ അധികാരി പരിശോധിച്ചുവെന്നുമാണ്.

അപ്പീൽവാദിക്ക് നൽകേണ്ട വിവരം വ്യക്തിഗത വിവരവുമായി ബന്ധപ്പെട്ടിട്ടുള്ളതും അതിന്റെ വെളിപ്പെടുത്തൽ പൊതുതാല്പര്യമായോ അല്ലെങ്കിൽ പൊതു

പ്രവർത്തനമായോ യാതൊരു ബന്ധമില്ലാത്തതിനാലും ജീവനക്കാർക്ക് എതിരെ യുള്ള അച്ചടക്ക നടപടി ആയതിനാലും വിവരാവകാശ നിയമം സെക്ഷൻ 8(1) (ജെ) പ്രകാരം വെളിപ്പെടുത്തലുകൾ അപ്പീൽവാദിക്ക് നൽകേണ്ടതില്ലെന്ന് വിലയി രുത്തുന്നുവെന്നുമാണ്.

2) അപ്പീൽ അപേക്ഷയിലെ 2-ാം ചോദ്യത്തിൽ ആലങ്ങാട് കൃഷിഭവനിലെ ജീവനക്കാർ ഹാജർ ബുക്കിൽ തെറ്റായി ഒപ്പിട്ടതിന്റെ വിശദീകരണം ലഭ്യമാക്കാ നാണ് ആവശ്യപ്പെട്ടിരുന്നുന്നതെന്നും എന്നാൽ ടി ചോദ്യം കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ആലുവയ്ക്ക് നൽകിയ ആർ.റ്റി.ഐ. അപേക്ഷയിൽ ഉൾപ്പെട്ടതല്ലെന്ന് വിലയിരുത്തുന്നുവെന്നാണ്. കൂടാതെ എസ്.പി.ഐ.ഒ. നൽകിയ മറുപടി പരിശോ ധിച്ചതിൽ വിവരാവകാശ നിയമം സെക്ഷൻ 8(1)(ജെ) പ്രകാരം വ്യക്തിപരമായ വിശദീകരണത്തിന്റെ വെളിപ്പെടുത്തലുകൾ അപ്പീൽവാദിക്ക് നൽകേണ്ടതില്ലെന്ന് അപ്പീൽ അധികാരി അഭിപ്രായപ്പെടുന്നുവെന്നാണ്.

3) അപ്പീൽ അപേക്ഷയിലെ 3-ാം ചോദ്യത്തിൽ ആവശ്യമായ ഇ-മെയിൽ പകർപ്പ് ടിയാന് നൽകുന്നതിനു വേണ്ടി ആലങ്ങാട് കൃഷിഭവനിലെ ഇ-മെയിലു കൾ ഒന്നുകൂടി വിശദമായി പരിശോധിക്കുവാൻ അപ്പീൽ അധികാരി കൃഷി ഓഫീസർക്കു നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ മറുപടിയായി കൃഷി ഭവന്റെ ഒഫീഷ്യൽ മെയിൽ പരിശോധിച്ചതിൽ നിന്നും WP (C) 4061/18 വിധി ന്യായം കൃഷി ഭവനിൽ വന്നതിന്റെ വിവരങ്ങൾ കണ്ടെത്താൻ കഴിഞ്ഞില്ലെന്നു തന്നെയായിരുന്നുവെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ആലങ്ങാട് കൃഷി ഓഫീ സർ നൽകിയ മറുപടി ശരിയാണെന്ന് വിലയിരുത്തി ഒന്നാം അപ്പീൽ തീർപ്പാക്കി യെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും പൂർണ്ണമായ വിവരങ്ങൾ ലഭ്യമാ ക്കിയിട്ടില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷ യിലെ ക്രമനമ്പർ 4, 5 എന്നിവ വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം അപേക്ഷ ലഭിച്ച് 5 ദിവസത്തിനുള്ളിൽ വിവരം നിക്ഷിപ്തമായ ഓഫീ സിലേയ്ക്ക് കൈമാറിയിട്ടില്ലെന്നു കാണുന്നു. ഇപ്രകാരം നിയമ ലംഘനം

നടത്തിയ പരാമർശിതകാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. ആകയാൽ ടി എതിർകക്ഷി യ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. പ്രസ്തുത എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെ ങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകര ണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പി ക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 13–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/